**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ഹാർബർ റോഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് വർക്കുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതും ഇനി എസ്റ്റിമേറ്റ് എടുക്കേണ്ടതുമായ വർക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതും ഇനി എസ്റ്റിമേറ്റ് എടുക്കേണ്ടതുമായ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

**ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതും ഇനി എസ്റ്റിമേറ്റ് എടുക്കേണ്ടതുമായ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലുള്ള പുരോഗതി |
|---|---|---|
| 1 | ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലെ റ്റി.ബി.ജംഗ്ഷൻ മുതൽ കൊപ്പാറക്കടവ് പാലം വരെയുള്ള റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| 2 | പള്ളിപ്പാട്, ചേപ്പാട് പഞ്ചായത്തുകളിലെ കരിപ്പുഴ ഇരുപത്തെട്ടിൽ കടവ് റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| 3 | ചെറുതന പഞ്ചായത്തിലെ പുത്തൻ തുരുത്ത് മുതൽ തുണ്ടിപ്പോച്ച വരെയുള്ള റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| 4 | കരുവാറ്റ പഞ്ചായത്തിലെ കരുവാറ്റ ആശ്രമം മുതൽ അരുണിക്കര ജംഗ്ഷൻ വരെയുള്ള റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| 5 | എം.ഇ.എസ്ജംഗ്ഷൻ- എസ്.സിബി സൊസൈറ്റി റോഡ്, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

<u>ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലുള്ള പുരോഗതി |
|---|---|---|
| 1 | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി- കറ്റിയിൽ മുക്ക് റ്റി.ബി. ജംഗ്ഷൻ റോഡിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു. സംരക്ഷണഭിത്തിയുടെ നിർമ്മാണം നടന്നുവരുന്നു. |
| 2 | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി- ആറാട്ടുപ്പുഴ പഞ്ചായത്ത് വാർഡ് നമ്പർ 10 ലെ കൊച്ചിയുടെ ജെട്ടി പാലം- ഫിഷ് മിൽ പ്ലാന്റ് റോഡിന്റെ നിർമ്മാണം | പ്രവൃത്തി ആരംഭിച്ചു. റോഡ് നിർമ്മാണത്തിനുള്ള സാധനങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. |
| 3 | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - തൃക്കുന്നപ്പുഴ പഞ്ചായത്ത് വാർഡ് നമ്പർ 2 ലെ കെ. വി. ജെട്ടി ജംഗ്ഷൻ- ചിറയിൽ മാന്തോട്ടിൽ റോഡിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു. സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയായി. ഫില്ലിംഗിനുള്ള നടപടികൾ നടന്നുവരുന്നു. |
| 4 | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - തൃക്കുന്നപ്പുഴ പഞ്ചായത്ത് വാർഡ് നമ്പർ 10 ലെ പണിക്കരേത്ത് റോഡിന്റെ നിർമ്മാണം | കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി- തൃക്കുന്നപ്പുഴ പഞ്ചായത്ത് വാർഡ് നമ്പർ 1 ലെ പാണ്ഡവ് ജി റോഡിന്റെ നിർമ്മാണം | ദർഘാസ് ക്ഷണിച്ചു. തുടർ നടപടി സ്വീകരിച്ച് വരുന്നു. |

Schetha

സെക്ഷൻ ഓഫീസർ